## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 40

01.12.2014-ൽ മറുപടിയ്ക്ക്

### പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനം

| | ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 2014 ഒക്ടോബർ 17 ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ; | (എ) | മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൂടിക്കാഴ്ചയിൽ നിവേദനത്തിലുന്നയിച്ച എന്തെങ്കിലും ആവശ്യത്തിന്മേൽ പ്രധാനമന്ത്രി അനുകൂലമായി പ്രതികരിക്കുകയോ, ഉറപ്പ് നൽകുകയോ ഉണ്ടായിട്ടുണ്ടോ; | (ബി) | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | ഈ ആവശ്യങ്ങൾ മുൻ പ്രധാനമന്ത്രിയോടും മുൻ കേന്ദ്ര സർക്കാരിനോടും നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ ; ഏതെങ്കിലും കാര്യത്തിൽ അനുകൂല തീരുമാനം അക്കാലത്തുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | മുൻ കേന്ദ്ര സർക്കാരിനോടും ഇതിൽ ബഹുഭൂരിപക്ഷം ആവശ്യങ്ങളും നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയും ആയതിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന എല്ലാ കാര്യങ്ങളിലും മുൻ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ സമീപനമാണ് ലഭിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**